**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2898** | **13.03.2018- ൽ മറുപടിയ്ക്ക്**

**നാണ്യവിളകളുടെ വിലത്തകർച്ച**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.എസ്. ശിവകുമാർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) ഏലക്ക, ഗ്രാമ്പു, കുരുമുളക്, ജാതി, കൊക്കോ തുടങ്ങിയ നാണ്യവിളകളുടെ വില കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം വരെ കുറവുണ്ടായ സാഹചര്യം സർക്കാർ വിലയിരുത്തി യിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിലത്തകർച്ചമൂലം ബുദ്ധിമുട്ടുന്ന കർഷകരെ സഹായിക്കാൻ എന്ത് പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) കുരുമുളക്, ഗ്രാമ്പു, ജാതി , മഞ്ഞൾ എന്നീ സുഗന്ധ വിളകളുടെ കൃഷി വ്യാപന ത്തിനായി സുഗന്ധ വിളവികസന പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പിലാക്കി വരുന്നു. കുരുമുളക്, ജാതി , ഗ്രാമ്പു എന്നിവയ്ക്ക് ഹെക്ടറിന് 20000/- രൂപ സഹായം നൽകി വരുന്നു. കൂടാതെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാര ണത്തിന് ഹെക്ടറിന് 7500/- വീതവും നഴ്സറി സ്ഥാപിക്കുന്നതിന് 30000/- രൂപയും ധനസഹായം നൽകി വരുന്നു. കൂടാതെ വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ കുരുമുളക് കൃഷിയുടെ വികസനത്തിനും, പുനരുദ്ധാരണ ത്തിനുമായി സംയോജിത കുരുമുളക് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**